# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4575 — 18/05/2017-ൽ മറുപടിക്ക്

**കോട്ടയ്ക്കൽ മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ**

| | ചോദ്യം<br><br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷിച്ച് പലകാരണങ്ങൾ കൊണ്ട് കിട്ടാത്തവരുടെ പ്രശ്ന ങ്ങൾ ഇപ്പോഴും വകുപ്പിന്റെ പരിഗണനയിലാണോയെന്ന കാര്യം പരിശോധിച്ച് വ്യക്ത മാക്കുമോ; | (എ) | വിവിധ വകുപ്പുകളിൽ നിന്നുള്ള മുൻകൂർ അനുമതി ലഭ്യമാക്കുന്നത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ തടസ്സമാകുന്നു എന്ന് കണ്ടതിനെത്തുടർന്ന് താഴെ പറയുന്ന നടപടികൾ ഇതിനോടകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ജനങ്ങളുടെ അടിസ്ഥാന പ്രശ്നമായ വൈദ്യുതിയ്ക്കുവേണ്ടി അപേക്ഷിച്ചിട്ട് ലഭിക്കാത്തവരുടെ പ്രശ്നം വകുപ്പ് അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കുമോ; | (ബി) | തിരിച്ചറിയൽ രേഖയുടെയും ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖയുടെയും മാത്രം അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷനുകൾ നൽകി വരുന്നുണ്ട്. കൂടാതെ 100 ചതുരശ്ര മീറ്ററിൽ താഴെ തറവിസ്തീർണ്ണം വരുന്ന വീടുകൾക്ക് ഉടമസ്ഥാവകാശരേഖ കൂടാതെയും, 1500 ചതുരശ്ര മീറ്ററിൽ താഴെ തറവിസ്തീർണ്ണം വരുന്ന വീടുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷനുകൾ നൽകുവാനും തീരുമാനി ച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാൻ വിപുലമായ സംവിധാ നങ്ങൾ സ്വീകരിച്ചു വരുന്നു. |
| (സി) | കോട്ടയ്ക്കൽ മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി ഓഫീസുകളിൽ കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ട് ലഭിക്കാത്തവരുടെ കണക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കുന്നവർക്ക് കണക്ഷനുകൾ നൽകുന്നതിന് കാലതാമസം ഉണ്ടാകു ന്നില്ല. കോട്ടയ്ക്കൽ മണ്ഡലത്തിലെ |

| | | | |
|---|---|---|---|
| | | | കാടാമ്പുഴ സെക്ഷനിൽ 2 ഗാർഹിക കണക്ഷനുകളും, വളാഞ്ചേരി സെക്ഷനിൽ 3 ഗാർഹിക കണക്ഷനുകളും 3 വാണിജ്യ കണക്ഷനുകളും, എടയൂർ സെക്ഷനിൽ 2 ഗാർഹിക കണക്ഷനുകളും 2 വാണിജ്യ കണക്ഷനുകളും നൽകാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ